(ബി) ഇവയുടെ വില്പനയും ഉപയോഗവും തടയുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇത്തരം നിർദ്ദേശങ്ങളും ഉത്തരവുകളും കർശനമായി പാലിക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യാൻ എന്തൊക്കെ സംവിധാനങ്ങളാണ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം 24/11/2011-ലെ 34591/ആർ.ഡി. 3/2011/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം (അനുബന്ധം I)* പാൻമസാല തുടങ്ങിയ ലഹരിവസ്തുക്കളുടെ വിൽപ്പനയും ഉപയോഗത്തിനുമെതിരെ പൊതുജനങ്ങളിൽ ശക്തമായ ബോധവൽക്കരണം നടത്തുവാനും ഇതിലേക്കായി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി എടുക്കേണ്ടതാണെന്നും കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുസമീപം 400 മീറ്റർ ചുറ്റളവിൽ ഇവയുടെ വിൽപ്പനക്കുള്ള നിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിന് അധ്യാപകരുടേയും അദ്ധ്യാപക-രക്ഷാകർതൃസംഘടനകളുടെയും പോലീസിന്റെയും സഹായം തേടേണ്ടതാണെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

എൽ.എസ്.ജി.ഡി. സ്പെഷ്യൽ റൂൾസ് 2009-ലെ അമന്റ്മെന്റ് പ്രകാരം അസിസ്റ്റന്റ് എൻജിനീയർമാരുടെ പ്രൊമോഷൻ

237 (4280) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എസ്.ജി.ഡി. സ്പെഷ്യൽ റൂൾ 2009-ലെ അമെന്റ്മെന്റ് പ്രകാരം അസിസ്റ്റന്റ് എൻജിനീയർമാരുടെ പ്രൊമോഷൻ ഡയറക്ട് റിക്രൂട്ട്സിന്റെയും ഡിപ്ലോമക്കാരുടെയും അനുപാതം 3:1 എന്നത് പരിഷ്കരിക്കുമോ ; 2009 ഒക്ടോബർ 1-ാം തീയതി ബഹു: കോടതിവിധി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്ന് നാളിതുവരെ സ്പെഷ്യൽ റൂൾ ഭേദഗതി ഉണ്ടായിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അസിസ്റ്റന്റ് എൻജിനീയർ റ്റു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ പ്രൊമോഷൻ 3:1 എന്ന് ഭേദഗതി വരുത്തുന്നതിന്റെ വകുപ്പുതല നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിലേക്കുള്ള പ്രൊമോഷനുവേണ്ടി ഡയറക്ട് റിക്രൂട്ട്സിന്റെയും ഡിപ്ലോമക്കാരുടെയും അനുപാതം 3:1 എന്ന് നിഷ്കർഷിച്ചുകൊണ്ട് പുറപ്പെടുവിച്ച ബന്ധപ്പെട്ട വിശേഷാൽ ചട്ടത്തിന്റെ ഭേദഗതി ചട്ടം 28-10-2014-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 228/14[WP(C) 24284/2009]-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇപ്രകാരം 3:1 എന്ന അനുപാതത്തിൽ വീണ്ടും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നകാര്യം പരിഗണിക്കുവാൻ കഴിയുകയില്ല.

മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ 2014-15 വർഷത്തെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

238 (4281) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ 2014-15 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിലേക്ക് 7-1-2015-ലെ കത്തിലൂടെ എത്ര പ്രവൃത്തികളുടെ നിർദ്ദേശങ്ങളാണ് എൽ.എസ്.ജി.ഡി. വിഭാഗം ചീഫ്എഞ്ചിനീയർക്കും എൽ.എസ്.ജി.ഡി. വിഭാഗം കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ എത്ര നിർദ്ദേശങ്ങൾക്കുള്ള എസ്റ്റിമേറ്റുകൾ ഇതിനോടകം എൽ.എസ്.ജി.ഡി. വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ സമർപ്പിച്ചുവെന്നും ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച കത്തിന്റെ നമ്പരും തീയതിയും സഹിതം വ്യക്തമാക്കുമോ ;

(സി) 7-1-2015-ന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും എൽ.എസ്.ജി.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ബ്ലോക്ക്തലത്തിലുള്ള എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർക്കു നിർദ്ദേശം നൽകിയിട്ടും ഇനിയും എസ്റ്റിമേറ്റ് സമർപ്പിക്കാത്ത കാര്യാലയങ്ങൾ ഏതെല്ലാമാണെന്നും ഏതു പ്രവൃത്തികളുടെ എസ്റ്റിമേറ്റാണ് ഇനിയും സമർപ്പിക്കുവാനുള്ളതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly